(ഇ) ഉപഭോക്താവിന്റെ ചെലവിൽ സ്ഥാപിച്ചിട്ടുള്ള മീറ്ററുകൾക്ക് സർവ്വീസ് ചാർജ്ജ് ഈടാക്കി വരുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇപ്രകാരം ക്രമവിരുദ്ധമായി സർവ്വീസ് ചാർജ്ജ് ഈടാക്കുമ്പോൾ ഇത് അടുത്ത ബില്ലുകളിൽ തട്ടിക്കിഴിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരപ്രദേശങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ഓരോ സെക്ഷനുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ ഒക്ടോബർ 2002 മുതൽ ഗാർഹിക ഉപഭോക്താക്കൾക്ക് ദ്വൈമാസ റീഡിംഗും, ബില്ലിംഗും ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) പരാതികൾ ലഭിക്കാറുണ്ട്.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) വാട്ടർ അതോറിറ്റിയുടെ ചെലവിൽ സ്ഥാപിച്ചിട്ടുള്ള മീറ്ററുകൾക്ക് പ്രതിമാസം പത്തു രൂപ മീറ്റർ വാടകയും രണ്ടു രൂപ മീറ്റർ പരിശോധന ചാർജ്ജായും (സർവീസ് ചാർജ്) ഈടാക്കി വരുന്നു.

(ഇ) ഉണ്ട്.

(എഫ്) നിലവിലുള്ള കേരള വാട്ടർ സപ്ലൈ റഗുലേഷൻ പ്രകാരമാണ് സർവീസ് ചാർജ് ഈടാക്കുന്നത്. ഇതിൽ ക്രമവിരുദ്ധമായി ഒന്നും തന്നെ ഇല്ല.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

വിനോദസഞ്ചാരികൾക്കുള്ള പുതിയ പദ്ധതികൾ

1 [2713] ശ്രീ. കെ. പി. മോഹനൻ :
,, സി. കെ. നാണു :
,, എ. സി. ഷൺമുഖദാസ് :
ഡോ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിദേശ-ആഭ്യന്തര ടൂറിസ്റ്റുകളുടെ സൗകര്യാർത്ഥം പുതിയ എന്തെല്ലാം സൗകര്യങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) 6-7-2004-ലെ കണക്ക് പ്രകാരം 99,987 വിനോദസഞ്ചാരികൾ എത്തിച്ചേരുന്ന എറണാകുളത്തും 1,108,820 ആഭ്യന്തര വിനോദസഞ്ചാരികൾ എത്തിച്ചേരുന്ന ഗുരുവായൂരിലും അവരുടെ താമസസൗകര്യത്തിനായി ടൂറിസം വകുപ്പ് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തുന്നതെന്നും എന്താണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) മറ്റ് സർക്കാർ വകുപ്പുകളുമായും സ്വകാര്യമേഖലയുമായും ചേർന്ന് താഴെപ്പറയുന്ന സൗകര്യങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു:

1. വിമാനത്താവളങ്ങളുടെ വികസനവും, വിദേശ രാജ്യങ്ങളിൽ നിന്ന് നേരിട്ട് കൂടുതൽ വിമാന സർവ്വീസും.
2. കപ്പൽ മുഖേന ടൂറിസ്റ്റുകൾ എത്തുന്നതിന് കൂടുതൽ പ്രോത്സാഹനം.
3. ടൂറിസ്റ്റ് ട്രെയിനുകൾ ഏർപ്പെടുത്തുന്നതിന് നടപടികൾ.
4. ടൂറിസ്റ്റ് കേന്ദ്രങ്ങളിലേക്കുള്ള റോഡുകളുടെ വികസനം.
5. കൂടുതൽ ടൂറിസ്റ്റ് പാക്കേജുകൾ.
6. സ്വകാര്യമേഖലയുടെ സഹായത്തോടെ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ കൂടുതൽ ഹോട്ടലുകളും, റിസോർട്ടുകളും.
7. ഗുണമേന്മയുള്ള ഭക്ഷണം നൽകുന്നതിനുള്ള റസ്റ്റോറന്റുകളുടെ അംഗീകാരം.
8. വഴിയോരങ്ങളിൽ കൂടുതൽ ടോയ്‌ലറ്റ് സൗകര്യങ്ങൾ.

(ബി) എറണാകുളത്തും, ഗുരുവായൂരിലും ഇപ്പോൾതന്നെ താമസസൗകര്യത്തിനായി വിവിധ നിലവാരത്തിലുള്ള ധാരാളം ഹോട്ടലുകൾ സ്വകാര്യ മേഖലയിലും പൊതുമേഖലയിലും ലഭ്യമാണ്. ടൂറിസം വകുപ്പിന്റെ കീഴിൽ എറണാകുളത്ത് ഗവൺമെന്റ് ഗസ്റ്റ്ഹൗസും യാത്രിനിവാസും പ്രവർത്തിക്കുന്നുണ്ട്. ഗുരുവായൂരിൽ ഗവൺമെന്റ് ഗസ്റ്റ് ഹൗസിനു പുറമേ പുതിയ യാത്രിനിവാസ് പണിതീർത്തിട്ടുണ്ട്.

ടൂറിസം രംഗത്ത് ഗവൺമെന്റ് സ്വകാര്യ മേഖലാ സംയുക്ത സംരംഭം

2 [2714] ശ്രീ. കെ. സി. വേണുഗോപാൽ :
,, കെ. മോഹൻകുമാർ :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം രംഗത്ത് ഗവൺമെന്റും സ്വകാര്യമേഖലയും ചേർന്ന് എന്തെങ്കിലും സംരംഭത്തിന് രൂപം കൊടുത്തിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly